സ്ക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകർ.

*519. [14] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954–55–ൽ സ്ക്കാർ പ്രൈമറിസ്കൂളുകളിൽ അവധിയെടുത്ത അദ്ധ്യാപകരെത്ര;

(ബി) പകരം നിയമിക്കപ്പെട്ടവർ എത്ര;

(സി) ആണ്ടവസാനത്തിൽ വേണ്ടത്ര ക്ലാസ്സദ്ധ്യാപന്മാർ ഇല്ലാതിരുന്ന ക്ലാസ്സുകളുടെ എണ്ണം എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1954–55 സ്കൂൾ വർഷത്തിൽ 2907 അദ്ധ്യാപകന്മാർ അവധി എടുക്കുകയുണ്ടായി.

(ബി) പകരം നിയമിക്കപ്പെട്ടത് 951 അദ്ധ്യാപകന്മാരാണ്.

(സി) ആണ്ടവസാനത്തിൽ വേണ്ടത്ര ക്ലാസ്സ് അദ്ധ്യാപകന്മാർ ഇല്ലാതിരുന്ന ക്ലാസ്സുകളുടെ എണ്ണം 110.

ശ്രീ. പി. എസ്. നടരാജപിള്ള: അനുവദിച്ചിരിക്കുന്നതനുസരിച്ചുള്ള അദ്ധ്യാപകന്മാരില്ലാത്തതുകൊണ്ടല്ലേ, അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ കുട്ടികളെ ഓരോ ക്ലാസ്സിലും വച്ചു പഠിപ്പിക്കേണ്ടിവന്നിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെംബർക്ക് കൂടുതൽ അറിയാമെന്നു തോന്നുന്നു. എനിക്ക് അത്ര അറിവില്ല. ഈ രണ്ടായിരത്തിതൊള്ളായിരത്തി ഏഴ് അദ്ധ്യാപകന്മാർ അവധി എടുത്തിട്ടുണ്ട് എന്നു് പറഞ്ഞിട്ടുള്ളതിൽ ചിലർ രണ്ടു ദിവസത്തേക്കാകാം, ചിലർ കുറച്ചു ദിവസത്തേക്കാകാം. ഇങ്ങനെ അവധി എടുത്താൽ പകരം ആളുകളെ പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖാന്തിരമല്ലാതെ റിക്രൂട്ടുചെയ്യാൻ സാദ്ധ്യമല്ല. ചില അവസരങ്ങളിൽ ഒരു ക്ലാസ്സിൽ അദ്ധ്യാപകർ ഇല്ലാതെവന്നാൽ എ–യും, ബി–യും ഡിവിഷനുകൾ കൂട്ടിച്ചേർത്ത് ഒരു ഡിവിഷനായി പഠിപ്പിച്ചുവരുന്നുണ്ട്. അതു് കുട്ടികൾക്ക് വളരെ വിനോദമുള്ള ഒരു ദിവസമാണ്. അങ്ങനെയുള്ള അവസരങ്ങളിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ കുട്ടികൾ ഉണ്ടായി എന്നുവരാം.

SHRI P. S. NATARAJA PILLAI: May I know whether for months together the full complement of teachers are not available in schools?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്കുസർവീസ് കമ്മീഷനിൽനിന്നു റിക്രൂട്ട ചെയ്തു വരുന്നതിനു ചിലപ്പോൾ കാലതാമസം വരുന്നുണ്ട്. അതു പരിഹരിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിച്ചു വരുന്നുണ്ട്.

SHRI P. S. NATARAJA PILLAI: Will the Government be pleased to issue directions that the full complement of teachers should be available at least within a month of the vacancy?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്. അങ്ങനെ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. എ. ശിവരാമഭാരതി: അദ്ധ്യാപകന്മാരെ വളരെ ദൂരെ സ്ഥലങ്ങളിലേക്കു സ്ഥലം മാറ്റുന്നതുകൊണ്ടല്ലേ അവർ അവധി എടുക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നതുകൊണ്ടും അവധിയെടുക്കുന്നുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: ഈ അദ്ധ്യാപകന്മാരെ ട്രാൻസ്ഫർ ചെയ്യുന്നതിനു ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ആഫീസറന്മാർക്ക് അധികാരമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അധികാരം ഉണ്ടെന്നാണ് തോന്നുന്നത്.

കമ്മ്യൂണിറ്റി പ്രോജക്ടും, എൻ. ഇ. എസ്. ബ്ലോക്കും.

* 520. [15] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954–55–ൽ ആകെ എത്ര കമ്മ്യൂണിറ്റി പ്രോജക്ടും, നാഷണൽ എക്സ്റ്റൻഷൻ സർവ്വീസും അനുവദിച്ചിട്ടുണ്ട്;

(ബി) ഓരോ ഡിസ്ട്രിക്ടിലും എവിടെയെല്ലാം എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1954–55–ൽ കമ്മ്യൂണിറ്റി പ്രോജക്ടുകൾ അനുവദിച്ചിട്ടില്ല. ടി വർഷത്തിൽ അഞ്ചു (5) എൻ. ഈ. എസ്. ബ്ലോക്കുകൾ അനുവദിച്ചിട്ടുണ്ട്.

(ബി)

തൃശ്ശൂർ	ഡിസ്ട്രിക്ട്	ചിറ്റൂർ.
കൊല്ലം	,,	മാവേലിക്കര, പുളിക്കീഴ്.
കോട്ടയം	,,	ഉഴവൂർ.
തിരുവനന്തപുരം		തിരുവനന്തപുരം–റൂറൽ.

ശ്രീ. പി. കുഞ്ഞൻ: ഈ എൻ. ഈ. എസ്. ബ്ലോക്കുകൾ ഉൽഘാടനം ചെയ്യുന്നതിനു ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എൻ. ഈ. എസ്. ബ്ലോക്കുകൾ ഉൽഘാടനം ചെയ്യണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കുഞ്ഞൻ: അതു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും യോജിച്ചായിരിക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്യോഗസ്ഥനുമാകാം അനുദ്യോഗസ്ഥനുമാകാം. രണ്ടു കൂട്ടർക്കും ആകാം.

ശ്രീ. പി. കെ. ചാണ്ടി: കമ്മ്യൂണിറ്റിപ്രോജക്ടുകൾ എൻ. ഈ. എസ്. ബ്ലോക്കുകളായി മാറിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly